# പോലീസ് വകുപ്പ്

കേരളം

**No. E2-15565/2016/IRB**

ഇന്ത്യ റിസർവ് ബറ്റാലിയൻ,

തൃശ്ശൂർ

cmdtirb.pol@kerala.gov.in

04872328720

തീയതി. 03-04-2018

**പുനർ ലേല പരസ്യം**

തൃശ്ശൂർ രാമവർമപുരം ഇന്ത്യ റിസർവ് ബറ്റാലിയൻ ആസ്ഥാനത്ത് സൂക്ഷിച്ചിട്ടുള്ള വകുപ്പ് വാഹനങ്ങളുടെ ഉപയോഗശൂന്യമായ സ്പെയർ പാർട്സുകൾ, ഓയിൽ കാനുകൾ, ഓയിൽ, ടയറുകൾ, ട്യൂബുകൾ, ഫ്ലാപ്പുകൾ എന്നിവ 11.04.2018 തീയതി രാവിലെ 11.00 മണിക്ക് ഇന്ത്യ റിസർവ് ബറ്റാലിയൻ ആസ്ഥാനത്ത് വെച്ച് പൊതുലേലത്തിൽ വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ₹629/- (അറന്നൂറ്റി ഇരുപത്തി ഒമ്പത് രൂപ മാത്രം) നിരത ദ്രവ്യമായി ലേലം ആരംഭിക്കുന്നതിന് മുന്പായി അടച്ച് രശീതി വാങ്ങേണ്ടതുമാണ്.

കൂടാതെ ടി സാധനങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി മുദ്ര വെച്ച കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ 10.04.2018 തീയതി വൈകിട്ട് 16.00 മണിക്ക് മുമ്പായി തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ തപാലിൽ അയക്കുന്നവർ ദർഘാസിനൊപ്പം മേൽ കൊടുത്തിട്ടുള്ള നിരത ദ്രവ്യ തുകക്ക് ഏതെങ്കിലും ദേശ സാൽകൃത ബാങ്കിൽ നിന്നും കമാണ്ടന്റ്, ഇന്ത്യ റിസർവ് ബറ്റാലിയൻ, രാമവർമപുരം, തൃശ്ശൂർ എന്ന പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതും കവറിന് പുറത്ത് "ഉപയോഗശൂന്യമായ എം.റ്റി സ്റ്റോറുകൾ വാങ്ങുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ദർഘാസുകൾ അവ നൽകിയവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും ലേലം/ദർഘാസ് ഇവയിൽ ഏതിലാണോ കൂടുതൽ തുക കാണുന്നത് ആ വ്യക്തിക്ക് വില്പന താൽകാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ട വ്യക്തി അപ്പോൾ തന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യയും നിലവിലുള്ള നിരക്കിൽ വില്പന നികുതിയും (നിരതദ്രവ്യം കഴിച്ച് ബാക്കി തുക) ലേല സ്ഥലത്ത് തന്നെ അടക്കേണ്ടതും ബാക്കി സംഖ്യ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി പത്ത് ദിവസത്തിനുള്ളിൽ അടച്ച് ലേലം ചെയ്ത വസ്തുക്കൾ സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ട വ്യക്തി പ്രവർത്തിക്കുകയാണ് എങ്കിൽ ലേലം ചെയ്ത വസ്തുവകകൾ പുനർലേലം ചെയ്യുന്നതിനും ആയതിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് ലാഭം ഉണ്ടാകുക ആണെങ്കിൽ ആയതിന് മുൻലേലക്കാരന് യാതൊരു വിധത്തിലും അർഹത ഇല്ലാത്തതുമാണ്. ലേലം കഴിഞ്ഞാലുടനെ ലേലത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവർക്ക് അടച്ച നിരത ദ്രവ്യം തിരികെ നൽകുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റിന് അധികാരമുണ്ടായിരിക്കും. ലേലത്തിനായി നീക്കി വെച്ചിട്ടുള്ള സാധനങ്ങൾ ലേലത്തിന് മുമ്പുള്ള പ്രവർത്തി ദിവസങ്ങളിൽ പകൽ 11.00 മണിക്കും 17.00 മണിക്കും ഇടയിലുള്ള സമയത്ത് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി)യുടെ അനുവാദത്തോടെ പരിശോധിക്കാവുന്നതാണ്.

തോംസൺ ജോസ് ഐപിഎസ്
കമാണ്ടൻറ്

സ്വീകർത്താവ് : കേരള സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം-ന് അറിവിലേക്ക്.

പകർപ്പ് : സംസ്ഥാനത്തെ എല്ലാ ജില്ല പോലീസ് മേധാവികൾക്കും കമാണ്ടന്റ്മാർക്കും ആവശ്യമായ പരസ്യം നൽകുന്നതിനായി. :തൃശ്ശൂർ ഐ.ആർ.ബിയിലെ ഡെപ്യൂട്ടി കമാണ്ടന്റ് (ക്യൂ.എം), ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി) എന്നിവർക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി. :തൃശ്ശൂർ ഐ.ആർ.ബിയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും അനന്തര നടപടികൾക്കുമായി. : തൃശ്ശൂർ ഐ.ആർ.ബി സി.എ റ്റു കമാണ്ടന്റ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, മാനേജർ എന്നിവർക്ക് അറിവിലേക്കായി. : തൃശ്ശൂർ ഐ.ആർ.ബി കാഷ്യർക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി. : പൊതുജനശ്രദ്ധക്കായി തൃശ്ശൂർ ഐ.ആർ.ബി നോട്ടീസ് ബോർഡിലേക്ക്. :സ്റ്റോക്ക് ഫയലിലേക്ക്.